(സി) ചോദ്യം ഉദിക്കുന്നില്ല.

**ജനകീയ ആസൂത്രണ പദ്ധതിയിൽ പൂർത്തീകരിച്ച വൈദ്യുതിലൈൻ**

**84(987)** ശ്രീ. എ. സി. ഷൺമുഖദാസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വൈദ്യുതി ലൈൻ ചാർജ് ചെയ്യുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ വൈദ്യുതി ലൈൻ വലിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; എത്ര കിലോമീറ്റർ ഇതുവരെയായി ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി ലൈൻ വലിച്ചത്- 3014.658 കിലോമീറ്റർ.

ചാർജ്ജ് ചെയ്തത് - 2969.828 കിലോമീറ്റർ.

**വൈദ്യുതി ബോർഡ് പെൻഷണേഴ്സ് അസോസിയേഷൻ**

**85(988)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെൻഷണേഴ്സ് അസോസിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 10-1-2000-ൽ ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിന്റെ ആലോചനയിലിരിക്കുന്ന ശമ്പളപരിഷ്ക്കരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

**വൈദ്യുതി ആഘാത മരണം**

**86(989)** ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വാഴൂർ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ശ്രീ. ഗോപിദാസ് ജോലി നിർവ്വഹണത്തിനിടയിൽ വൈദ്യുതി ആഘാതമേറ്റ് മരിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly